(ജി) കേസ് എടുത്തിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) എളംകുളം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾക്ക് ബാങ്ക് സെക്രട്ടറി എം.ഗോപിനാഥൻ നായർ, ബ്രാഞ്ച് മാനേജർമാരായ കെ.എ.ലംബേ, ജോജിജോസ് എന്നിവരും ഭരണസമിതിയും പ്രഥമദൃഷ്ട്യാ കുറ്റക്കാരാണെന്ന് കണ്ടിട്ടുണ്ട്. ഭരണസമിതിയെ പിരിച്ച് വിട്ടിട്ടുണ്ട്. ജീവനക്കാരുടെ മേൽ ശിക്ഷണനടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമത്തിനും ചട്ടങ്ങൾക്കും ബൈലാക്കും വിരുദ്ധമായി അംഗങ്ങളെ ചേർക്കൽ അനധികൃത വായ്പനൽകൽ, വ്യാജവായ്പ നൽകൽ, അനധികൃത ഫുഡ് ടീ വ്യാപാരം, ബിൽ ഡിസ്ക്കൗണ്ടിംഗ്, പണാപഹരണം മുതലായ കാര്യങ്ങൾ നടന്നതായി അന്വേഷണത്തിൽ കണ്ടിട്ടുണ്ട്.

(സി) വിജിലൻസ് എൻക്വയറി പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അഴിമതിക്കാരുടെ വിവരം പൂർണ്ണമായി തെളിയൂ.

(ഡി) സഹകരണ നിയമം 65 വകുപ്പ് പ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി 68(1) പ്രകാരം കുറ്റപത്രം നൽകിയിട്ടുണ്ട്. മുൻ സെക്രട്ടറിയിൽ നിന്നും ഈടാക്കാനുള്ള തുകയ്ക്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളത് ആർബിട്രേഷൻ കോടതിയിൽ വിചാരണയിലാണ്.

(ഇ) തുക ഒന്നുംതന്നെ ഈടാക്കി കിട്ടിയിട്ടില്ല.

(എഫ്&ജി) ജീവനക്കാരായ ശ്രീ.എം.ഗോപിനാഥൻ നായർക്കെതിരെ ആർബ്രിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ.എം. ഗോപിനാഥൻ, ശ്രീ.കെ.എ. ലംബേ, ശ്രീ. ജോജി ജോസ് എന്നിവർക്കെതിരെ വി.സി. 6/98-ാം നമ്പർ ആയി ക്രിമിനൽ കേസ് നിലവിലുണ്ട്. കൂടാതെ ഇക്കാര്യം സംബന്ധിച്ച വിജിലൻസ് അന്വേഷണവും തുടർന്നുവരുന്നു.

നീതിസ്റ്റോറുകൾ വഴി പാചകഗ്യാസ് കണക്ഷൻ നൽകുന്ന നടപടി

131(1034) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീതിസ്റ്റോറുകൾ വഴിയുള്ള പാചകഗ്യാസ് കണക്ഷൻ സംസ്ഥാനത്ത് എത്ര പേർക്ക് നൽകിയിട്ടുണ്ട് ;

(ബി) ഉപഭോക്താക്കൾക്ക് യഥാസമയം സിലിണ്ടർ ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) നീതിസ്റ്റോറുകൾ വഴി സംസ്ഥാനത്ത് 41597 പേർക്ക് പാചകവാതക കണക്ഷൻ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പെന്റിംഗ് ഉള്ള മുഴുവൻ റീഫില്ലും അടിയന്തിരമായി കൊടുത്തു തീർക്കുന്നതിനാവശ്യമായ നടപടികൾ കൺസ്യൂമർ ഫെഡറേഷൻ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി പാചക വാതക വിതരണത്തിന് കരാർ നൽകിയിട്ടുള്ള രണ്ട് കമ്പനികളുടേയും (കോൾഡിഗ്യാസ്, ശ്രീശക്തി) പ്രതിനിധികളുമായി ഫെഡറേഷൻ ചർച്ച ചെയ്യുകയും അടിയന്തിരമായി റീഫിൽ വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതു പ്രകാരം റീഫിൽ വിതരണം നടന്നു വരുന്നു.

സഹകരണ ബാങ്കിലെ അനധികൃത നിക്ഷേപം

132(1035) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ സഹകരണ ബാങ്കുകൾക്ക് എവിടെയെല്ലാം നിക്ഷേപം നടത്താമെന്നുള്ളതിന് ഗവൺമെന്റ് മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ ;

(സി) ഇതിന് വിപരീതമായി ഏതെങ്കിലും ജില്ലാ ബാങ്ക് നിക്ഷേപം നടത്തിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഇ) കോട്ടയം ജില്ലാ ബാങ്ക് റബ്കോയിൽ നിക്ഷേപം നടത്തിയിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ എന്ത് തുക നിക്ഷേപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജി) ഇത് ഗവൺമെന്റിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരണമായിട്ടാണോ ;

(എച്ച്) ഈ നിക്ഷേപത്തിന് ഗവൺമെന്റിന്റെ ഗ്യാരന്റി ഉണ്ടോ ;

(ഐ) ഗവൺമെന്റ് ഗ്യാരന്റി ഇല്ലാത്ത ജില്ലാ ബാങ്കുകൾ നടത്തുന്ന അനധികൃത നിക്ഷേപങ്ങൾ തടയുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമ വ്യവസ്ഥയുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമം സെക്ഷൻ 57 പ്രകാരം താഴെ പറയുന്ന നിക്ഷേപങ്ങൾ നടത്താവുന്നതാണ്.

1. ഗവൺമെന്റ് സേവിംഗ്സ് ബാങ്ക്.
2. 1882-ലെ ഇൻഡ്യൻ ട്രസ്റ്റ് ബാങ്കിൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും സെക്യൂരിറ്റികളിൽ.
3. രജിസ്ട്രാറുടെ അംഗീകാരമുള്ള മറ്റ് സഹകരണ സംഘങ്ങളിലെ ഷെയറുകൾ, സെക്യൂരിറ്റികൾ.

LIBRARY ARCHIVES Kerala Legislative Assembly